11784
10/11/14

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്-ബഹു:അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA.No.666/14 കേസിലെ 20.5.2014 ലെ വിധിന്യായം-തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ഡി) വകുപ്പ്

സ.ഉ(ആർ.റ്റി)നം.573/14/സാ.നീ.വ തിരുവനന്തപുരം, തീയതി 12.9.2014

---

പരാമർശം-
1. 18.5.2013 ലെ സ.ഉ(പി) 40/13/സാ.നീ.വ നമ്പർ ഉത്തരവ്
2. 7.8.2013 ലെ സ.ഉ(പി) 63/13/സാ.നീ.വ നമ്പർ ഉത്തരവ്
3. 17.1.2014 ലെ സ.ഉ(പി) 3/14/സാ.നീ.വ നമ്പർ ഉത്തരവ്
4. 16.6.2014 ലെ സ.ഉ(ആർ.റ്റി)402/14/സാ.നീ.വ നമ്പർ ഉത്തരവ്
5. 16.6.2014 ലെ സ.ഉ(ആർ.റ്റി) 403/14/സാ.നീ.വ നമ്പർ ഉത്തരവ്
6. ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA.666/2014 നമ്പർ കേസിന്റെ 20.5.2014 ലെ ഉത്തരവ്
7. സാമൂഹ്യനീതി വകുപ്പ ഡയറക്ടറുടെ 1.8.2014 ലെ എച്ച്4-11622/14 നമ്പർ കത്ത്.

## ഉത്തരവ്

പരാമർശം ഒന്ന് ഉത്തരവ് പ്രകാരം 16.8.99 നും 31.12.2003 നുമിടയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി നിയമനം ലഭിച്ച് 179 ദിവസം സേവനം പൂർത്തിയാക്കിയിട്ടുള്ള ഏകദേശം 2677 അംഗപരിമിതർക്ക് പുനർ നിയമനം നൽകുന്നതിനായി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് പുനർ/റഗുലർ നിയമനം നൽകുന്നതിന് ഉത്തരവായിരുന്നു. മേൽ ഉത്തരവിന്റെ വെളിച്ചത്തിൽ ടി കാലയളവിൽ 179 ദിവസം സേവനം പൂർത്തീകരിച്ച 1399 അംഗപരിമിതർക്ക് പുനർനിയമനം നൽകുന്നതിന് പരാമർശം 2 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു. കൂടാതെ വിട്ടുതൽ ദിവസം പൊതു അവധിദിവസങ്ങൾ ആയതിനാൽ 179 ദിവസം സേവനം പൂർത്തിയാക്കാൻ സാധിക്കാത്തവരെ മൊത്തം സൂപ്പർന്യൂമററി തസ്തികകളുടെ എണ്ണം 2677 ൽ കവിയരുതെന്ന നിബന്ധനയിൽ നിയമിക്കുവാൻ സൂചന 3 പ്രകാരം ഉത്തരവായി.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക സേവനം ചെയ്ത് അദ്ധ്യയന വർഷം പൂർത്തിയായതിനാലും പി.എസ്.സി യിൽ നിന്ന് ഉദ്യോഗാർത്ഥികൾ ജോലിയിൽ പ്രവേശിച്ചതിനാലും 179 ദിവസം സേവനം പൂർത്തിയാക്കാൻ കഴിയാത്ത അംഗപരിമിതർ ബഹു:അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ OA.570/14, OA.549/14 നമ്പർ കേസുകൾ ഫയൽ ചെയ്യുകയുണ്ടായി. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും യഥാക്രമം പരാമർശം 4, 5 എന്നിവയിലെ ഉത്തരവുകൾ പ്രകാരം ടിയാളുകളുടെ അപേക്ഷകൾ നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരം നിയമനം ലഭിച്ച ഉദ്യോഗാർത്ഥികൾ സർവ്വീസിൽ പ്രവേശിച്ചതിനാൽ 179 ദിവസം സേവനം പൂർത്തിയാക്കാൻ സാധിക്കാത്ത അംഗപരിമിതരുടെ അപേക്ഷയിൽ തീർപ്പുകൽപ്പിക്കണമെന്ന ബഹുമാനപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം 6 പ്രകാരം വിധിന്യായം പുറപ്പെടുവിക്കുകയുണ്ടായി. അതിൻ പ്രകാരം പരാതിക്കാരെ നേരിൽ കേൾക്കുകയും ഈ വിഷയം വിശദമായി പരിശോധിക്കുകയും ചെയ്തു.

സർക്കാർ അംഗപരിമിതരുടെ നിയമനം സംബന്ധിച്ച് വ്യക്തമായ മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൽ നിന്നും വ്യതിചലിക്കാൻ മതിയായ കാരണങ്ങളില്ലാത്തതിനാൽ 16.8.99 നും 31.12.2003 നുമിടയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി നിയമനം ലഭിച്ച് 179 ദിവസം സേവനം പൂർത്തിയാക്കിയിട്ടുള്ള അംഗപരിമിതർക്ക് പുനർനിയമനം നൽകുന്നതിനായി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിൽ ഇളവ് അനുവദിച്ച് അപേക്ഷകൾ പരിഗണിക്കേണ്ടതില്ലെന്ന് സർക്കാർ തീരുമാനിച്ചു. മേൽ സാഹചര്യത്തിൽ OA.666/2014 ലെ പരാതിക്കാരായ ശ്രീമതി.പ്രേമലത.റ്റി.സി ഉൾപ്പെട്ട 9 പേരുടെ അപേക്ഷകൾ നിരസിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ഇപ്രകാരം 179 ദിവസം പൂർത്തിയാക്കാൻ സാധിക്കാത്ത 155 അംഗപരിമിതരുടെ പട്ടിക പരാമർശം 7 പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്. മുകളിൽ പറഞ്ഞിട്ടുള്ള കാരണങ്ങളാൽ പുനർനിയമനത്തിന് ഇവരേയും പരിഗണിക്കേണ്ടതില്ലെന്ന് ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എൻ.ബി.കോമളവല്ലി അമ്മ
അഡീഷണൽ സെക്രട്ടറി

ശ്രീമതി.പ്രേമലത.റ്റി.സി, ലത സദനം, കമുകിൻകുഴി, എസ്റ്റേറ്റ്.പി.ഒ, തിരുവനന്തപുരം
ശ്രീ.ജയകുമാർ.കെ.സി, ജയാസ് നിവാസ്, വരമ്പിൽ, ഓലത്താന്നി.പി.ഒ, നെയ്യാറ്റിൻകര, തിരുവനന്തപുരം
ശ്രീ.അജികുമാർ.എം.സി, മാമ്പാറ ഹൌസ്, കൊച്ചുകോയിക്കൽ.പി.ഒ, പത്തനംതിട്ട
ശ്രീ.രാജഗോപാൽ.ജി, എലവിനാൽ ഹൌസ്, പരന്താൽ.പി.ഒ, പന്തളം, പത്തനംതിട്ട
ശ്രീമതി.രാജി.ആർ, കുഴിവിള പുത്തൻവീട്, അയണിമൂട്, പോത്തൻകോട്.പി.ഒ, തിരുവനന്തപുരം
ശ്രീമതി.രമ.കെ, ചിറ്റക്കാട്ടു തെക്കെതിൽ പുലിയൂർവഞ്ചി ഈസ്റ്റ്, തൊടിയൂർ.പി.ഒ, കരുനാഗപ്പള്ളി, കൊല്ലം
ശ്രീ.പുന്നൂസ്.എം.കെ, മഠത്തിൽ താഴെ വീട്, കാഞ്ഞിരപ്പുഴ.പി.ഒ, മണ്ണാർക്കാട്, പാലക്കാട്
ശ്രീ.മുഹമ്മദ് കുട്ടിപ്പ.എം.കെ, മംഗലത്തു കളത്തിൽ ഹൌസ്, അമ്മിണിക്കാട്.പി.ഒ, പെരിന്തൽമണ്ണ, മലപ്പുറം
ശ്രീ.രാജൻ.വി, വിലോദൻ ഹൌസ്, ചാലിക്കുളം, ചുങ്കത്തറ.പി.ഒ, മലപ്പുറം

അഡ്വക്കേറ്റ് ജനറൽ ഓഫീസ്, ബ്രാഞ്ച് ഓഫീസ്, തിരുവനന്തപുരം(ആമുഖ കത്ത് സഹിതം)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

Copy to: PA to Additional Chief Secretary(SJ)
CA to Additional Secretary(SJ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ